**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 885** **10-08-2023 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പിന്നാക്ക ബി.പി.എൽ. വിദ്യാർത്ഥികളുടെ ഫീസും സ്കോളർഷിപ്പും മുടങ്ങിയതോടെ അവരുടെ പഠനം തടസ്സപ്പെടാൻ സാധ്യതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യവുമായി ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള നിയന്ത്രണം നിലവിൽ 100% വും ഇളവ് ചെയ്ത് ലഭ്യമായിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട് കുടിശ്ശികയുള്ള തുക നടപ്പ് വർഷത്തെ ബജറ്റിൽ നിന്നും അനുവദിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിലെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ബിൽ ജനറേഷൻ പൂർത്തിയാക്കി ആനുകൂല്യ വിതരണം പുരോഗമിക്കുന്നു.<br><br>സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ബി.പി.എൽ. വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം 2017-18 ബാച്ചിലെ വിദ്യാർത്ഥികൾക്ക് ബി.പി.എൽ. സ്കോളർഷിപ്പ് അനുവദിക്കുകയുണ്ടായി. എന്നാൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്തതിനാൽ ബഹു. സുപ്രീം കോടതിയിൽ സർക്കാർ SLP(C)9885-88/20 കേസ് ഫയൽ ചെയ്യുകയും ആയതിന്മേൽ ബഹു. സുപ്രീം കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. ബഹു. സുപ്രീം കോടതിയുടെ വിധിന്യായം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ബി.പി.എൽ. സ്കോളർഷിപ്പ് പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളാനാകൂ. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ലഭിച്ചിരുന്ന ഇ-ഗ്രാൻറ് കുടിശ്ശികയായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ 2022-23 വർഷത്തെ അപ്രൂവലായ ക്ലെയിമുകൾ പ്രകാരം ബന്ധപ്പെട്ട ശീർഷകത്തിൽ ലഭ്യമായ തുക വിനിയോഗിച്ച് ഫീസ്, സ്കോളർഷിപ്പ് |

| | | | |
|---|---|---|---|
| | | | എന്നിവ വിതരണം ചെയ്തിട്ടുണ്ട്. 2022-23 വർഷത്തെ സ്കോളർഷിപ്പ് ഇനത്തിൽ ഇനി വിതരണം ചെയ്യുവാൻ ആവശ്യമായ 81 കോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് മുഖേന നൽകുവാൻ സാധിക്കാതിരിക്കുകയും ആയത് കുടിശ്ശിക ആയ കാര്യം ശ്രദ്ധയിൽപ്പെടുകയും കേന്ദ്ര വിഹിതം യഥാസമയം ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന വിഹിതത്തിൽ നിന്നും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുമുണ്ട്.<br><br>ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കുടിശ്ശികയുള്ള തുക നടപ്പ് വർഷത്തെ ബജറ്റിൽ നിന്നും അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിൽ നിന്നും കത്ത് ലഭ്യമായിരുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിലെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ബിൽ ജനറേഷൻ പൂർത്തിയാക്കി ആനുകൂല്യ വിതരണം നടത്തി വരുന്നു. |
| (സി) | പ്രസ്തുത വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് ഫീസും സ്കോളർഷിപ്പും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | 2022-23 വർഷത്തെ സ്കോളർഷിപ്പ് ഇനത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇനി വിതരണം ചെയ്യുവാൻ ആവശ്യമായ തുകയായ 81 കോടി രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തുക ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശികയായിട്ടുള്ള ഫീസും സ്കോളർഷിപ്പും വിതരണം ചെയ്യുന്നതാണ്.<br><br>പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കുടിശ്ശിക നിലനിൽക്കുന്നുണ്ട്. കേന്ദ്ര ധന സഹായം യഥാസമയം ലഭിക്കാത്തതിനാലും കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിന്റെ (SNA-PFMS Integration) ഭാഗമായിട്ടുമാണ് തുക അനുവദിക്കാൻ സാധിക്കാതിരുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നാളിതുവരെയുള്ള വിദ്യാഭ്യാസാനുകൂല്യത്തിന്റെ കുടിശ്ശിക പൂർണ്ണമായും അനുവദിച്ചു നൽകുവാൻ സർക്കാർ അനുമതി നൽകുകയും, തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിലെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ബിൽ ജനറേഷൻ പൂർത്തിയാക്കി ആനുകൂല്യ വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ